**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1967** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആധുനിക സൗകര്യങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ബ്ലോക്കുകൾക്കാണ് ആധുനിക സൗകര്യങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നെടുമങ്ങാട്, പാറശ്ശാല, ചടയമംഗലം, അഞ്ചൽ, പറക്കോട്, മല്ലപ്പള്ളി, കഞ്ഞിക്കുഴി, മുതുകുളം, കാഞ്ഞിരപ്പള്ളി, വൈക്കം, കട്ടപ്പന, ദേവികുളം, അഴുത, കോതമംഗലം, മുളന്തുരുത്തി, മതിലകം, പഴയന്നൂർ, പട്ടാമ്പി, അട്ടപ്പാടി, തിരൂർ, നിലമ്പൂർ, കൊടുവള്ളി, തൂണേരി, മാനന്തവാടി, സുൽത്താൻബത്തേരി, പയ്യന്നൂർ, ഇരിട്ടി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ ബ്ലോക്കുകളിൽ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകൾക്കും പ്രസ്തുത ആംബുലൻസുകൾ അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ ആകെ ഉള്ള 152 ബ്ലോക്കുകളിൽ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 123 ബ്ലോക്കുകളിലേക്കും 3 കോർപറേഷനിലും, ഒരു മുൻസിപ്പാലിറ്റിക്കും കൂടി ആകെ 127 വാഹനങ്ങൾ അനുവദിക്കുന്നതിന് വേണ്ടി Rebuild Kerala Initiative (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ (ആർ.ടി) നം. 274/2023/P&EA തീയതി 04/07/2023 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 127 വാഹനങ്ങൾ (123 ബ്ലോക്കുകളിലേക്കും 3 കോർപറേഷനിലും, ഒരു മുൻസിപ്പാലിറ്റിക്കും കൂടി) വാങ്ങുന്നതിന് വേണ്ടിയുള്ള നടപടികളുടെ ഭാഗമായി, GEM പ്രകാരം വകുപ്പ് ബിഡിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ ചില സാങ്കേതിക തകരാർ കാരണങ്ങളാലും പൊതു തിരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലും ബിഡ് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. നിലവിൽ ഇപ്പോൾ GEM പോർട്ടലിൽ വാഹനങ്ങൾക്ക് വേണ്ടി ബിഡ് ചെയ്തിരിക്കുകയാണ് (GEM/2024/B/5021749,GEM/2024/B/5018409) |

സെക്ഷൻ ഓഫീസർ